**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവകലാശാല - സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ - വിവിധ വിഷയങ്ങളിൽ ഫുൾ ടൈം ഡെഡിക്കേറ്റഡ് ഫാക്കൽറ്റിയെ നിയമിക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് ഉപസമിതി (സ്റ്റാഫ്) ശിപാർശകൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 923/AD A 5/2020/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 15.02.2020

---

*പരാമർശം:*-01.02.2020ൽ കൂടിയ സിൻഡിക്കറ്റ് ഉപസമിതി (സ്റ്റാഫ്) യുടെ മിനിട്സ് ഇനം നം: DDFS - 4571/2019 പ്രകാരമുള്ള ശിപാർശകൾ.

**<u>ഉത്തരവ്</u>**

2015-16 അക്കാദമിക വർഷം മുതൽ ഓഫ് ക്യാമ്പസ് സെൻററുകൾ നിർത്തലാക്കിയതിനെ തുടർന്ന് UGC-യുടെ ODL Regulations 2017 പ്രകാരം ബി.കോം, ബി.ബി.എ., ബി. എ. ഇംഗ്ലീഷ്, ബി. എ. ഇക്കണോമിക്സ്, ബി.സി.എ., ബി.റ്റി.റ്റി.എം., എന്നീ 6 യു.ജി. കോഴ്സുകളും, എം.കോം., എം.ബി.എ., എം.എ. ഇംഗ്ലീഷ് എന്നീ 3 പി.ജി. കോഴ്സുകളും ഉൾപ്പെടെ ആകെ 9 പുതിയ കോഴ്സുകൾ ഡിസ്റ്റൻസ് മോഡിൽ തുടങ്ങുന്നതിനു വേണ്ടി സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് യു.ജി.സി-യുടെ വിദഗ്ധ സമിതി സർവകലാശാലയിൽ സന്ദർശനം നടത്തി സമർപ്പിച്ച റിപ്പോർട്ട് യു.ജി.സിയുടെ റിവ്യൂ കമ്മിറ്റി പരിശോധിക്കുകയും താഴെപ്പറയുന്ന ന്യൂനതകൾ കണ്ടെത്തുകയുമുണ്ടായി.

1. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ അപേക്ഷിച്ച 9 കോഴ്സുകൾക്കും UGC യുടെ ODL റെഗുലേഷൻ പ്രകാരമുള്ള ഫാക്കൽറ്റി ഇല്ല
2. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ അപേക്ഷിച്ച എം.എ. ഇംഗ്ലീഷ് കോഴ്സിന് സെൽഫ് ലേണിംഗ് മെറ്റീരിയൽസ് നിലവിലില്ല

ടി സാഹചര്യത്തിൽ ഡിസ്റ്റൻസ് മോഡിൽ കോഴ്സുകൾ തുടങ്ങാനുള്ള യു.ജി.സി.-യുടെ അനുമതിയ്ക്കായി, ഫുൾടൈം ഡെഡിക്കേറ്റഡ് ഫാക്കൽറ്റിയെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് ഉപസമിതി (സ്റ്റാഫ്)യുടെ ശിപാർശകൾ ചുവടെ ചേർക്കുന്നു.

" സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സമർപ്പിച്ച പുതിയ ODL (Open and Distance Learning) കോഴ്സുകൾ തുടങ്ങാനുള്ള അപേക്ഷയിന്മേൽ യു.ജി.സി നടത്തിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുന്ന പ്രോഗ്രാമുകളുടെ ഫുൾ ടൈം ഡെഡിക്കേറ്റഡ് ഫാക്കൽറ്റികളെ താഴെപ്പറയും പ്രകാരം നിയമിക്കുന്നതിനും

ഇംഗ്ലീഷ് - 3
ഇക്കണോമിക്സ് - 2
ടൂറിസം മാനേജ്മെന്റ് - 2
കൊമേഴ്സ് - 3
ബിസിനസ് മാനേജ്മെന്റ് - 3
കംപ്യൂട്ടർ ആപ്ലിക്കേഷൻ - 2

Draft #2 of File 4571/SDE1 SO/2020/SDE 1 Approved by ASSISTANT REGISTRAR II (ADMIN) on 15-Feb-2020 12:52 PM - Page 1

കോഴ്സുകൾ തുടങ്ങാനുള്ള അംഗീകാരം യു.ജി.സി.യിൽ നിന്നും ലഭിക്കുന്ന ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ, സർവീസിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന നൽകി നിയമിക്കുന്നതിനും, കൂടാതെ എം.എ.ഇംഗ്ലീഷിന്റെ സെൽഫ് ലേണിംഗ് മെറ്റീരിയൽ യു.ജി.സി.യുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് പ്രിന്റ് ചെയ്യാനുള്ള അനുമതിയും ശിപാർശ ചെയ്യുന്നു."

ടി ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3.10(17) ൽ അനുവദിച്ചിട്ടുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ - വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാരീസ് പി വൈ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ
2. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്മാർ
4. എ.ആർ II /ഡി.ആർ II /ജെ.ആർ I (ഭ.വി)
5. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
6. എ.സി.സി I/II
7. എഫ്.സി.സി/ഫിനാൻസ്/ഓഡിറ്റ്
8. ഐ.ക്യു.എ.സി/സിറ്റാഡ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9. ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ/റെക്കോഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 4571/SDE1 SO/2020/SDE 1 Approved by ASSISTANT REGISTRAR II (ADMIN) on 15-Feb-2020 12:52 PM - Page 2